**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3185** **26-06-2024 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളിയിൽ ഫ്ലൈ ഓവർ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 766-ൽ കൊടുവള്ളിയിൽ നിർമ്മിക്കാൻ ഭരണാനുമതി ലഭിച്ച ഫ്ലൈ ഓവർ പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ആയതിനുള്ള കാരണങ്ങൾ വിശദമാക്കാമോ? | (ബി) | 27.09.2016 തീയതിയിലെ സ.ഉ.(സാധാ). 1324/2016/പൊ.മ.വ. ഉത്തരവ് പ്രകാരം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന കോഴിക്കോട് ജില്ലയിലെ കൊടുവള്ളി മണ്ഡലത്തിൽ കൊടുവള്ളി-സിറാജ് മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി കേരള സർക്കാർ നിയോഗിച്ചിട്ടുണ്ടായിരുന്നു. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിക്കുകയും കിഫ്ബി 54.03 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു.<br><br>എന്നാൽ, ഈ പദ്ധതിക്കു പകരം നിലവിലെ റോഡ് നവീകരിക്കാൻ ബഹു. കൊടുവള്ളി എം.എൽ.എ. നിർദ്ദേശിച്ചതിനെത്തുടർന്ന് ഫ്ളൈഓവർ കം അണ്ടർപ്പാസിനായുള്ള സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ റദ്ദാക്കാനും കൊടുവള്ളി നഗരസഭയും ബഹു. കൊടുവള്ളി എം.എൽ.എയും നിർദ്ദേശിച്ചത് പ്രകാരം ആവശ്യമുള്ള സ്ഥല ലഭ്യത ഉറപ്പാക്കി കൊടുവള്ളി ജംഗ്ഷൻ മെച്ചപ്പെടുത്തി മുന്നോട്ട് പോകുന്നതിനും കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. കൊടുവള്ളി ജംഗ്ഷൻ വികസനത്തിന് NOC ലഭ്യമാക്കുവാൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ദേശീയപാത 766 ന്റെ കോഴിക്കോട് പുതുപ്പാടി ഭാഗം വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നതിനാൽ ഇതേ സ്ട്രെച്ചിലെ മറ്റൊരു പ്രവൃത്തിക്ക് NOC നൽകുന്നത് അഭികാമ്യമാകില്ല എന്ന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് റീജിയണൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ